ശ്രീപദ്മനാഭന് ഇന്ന് ആറാട്ട്

423 വർഷങ്ങൾക്ക് മുമ്പ് നടന്ന ആറാട്ട് ഇങ്ങനെ

എസ്. ഉമാമഹേശ്വരി

ഇന്ന് നവംബർ മൂന്ന്. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ തുലാം ഉത്സവം. വൈകുന്നേരം നടക്കുന്ന ആറാട്ടോടെ സമാപിക്കും. ഇന്നലെ പള്ളിവേട്ടയായിരുന്നു. തിരുവനന്തപുരം നിവാസികൾക്കും ഈ ക്ഷേത്രത്തെക്കുറിച്ച് അറിവുള്ളവർക്കും പള്ളിവേട്ട, ആറാട്ട് എന്നിവ സുപരിചിതമായിരിക്കും. എന്നാൽ ഇവിടെ ഉദ്ദേശിക്കുന്നത് 423 വർഷങ്ങൾക്ക് മുമ്പുള്ള പള്ളിവേട്ടയുടെയും ആറാട്ടിന്റെയും വിവരണമാണ്.

423 വർഷംമുൻപ് ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിന് ഇന്ന് കാണുന്നതുപോലെ വിസ്തൃതമായ, ഭംഗിയുള്ള കെട്ടിടമില്ല. ഒരു ചെറിയ ഒറ്റക്കൽ മണ്ഡപം. അതിൽ ശ്രീപദ്മനാഭന്റെ ദാരുശില്പ പ്രതിഷ്ഠ. ക്ഷേത്രത്തിന് ചുറ്റും മതിലുകളില്ല. ശീവേലിപ്പുരയില്ല. ഗോപുരമില്ല. നാലു നടകളിലും പടിപ്പുരമാത്രം. കളിമണ്ണിൽ തീർത്ത ചുറ്റുമതിൽ.

എ.ഡി 1588 –ലെ പള്ളിവേട്ടയും തിരുവാറാട്ടും

പള്ളിവേട്ട : പടിഞ്ഞാറെ നട വഴി പുറത്തേയ് ക്കെഴുന്നള്ളിക്കുന്ന വാഹനങ്ങൾക്ക്, മഹാരാജാവും രാജകുടുംബത്തിലെ പുരുഷ പ്രതിനിധികളും അകമ്പടി സേവിച്ചിരുന്നു. മഹാരാജാവ് വീരമാർത്താണ്ഡവർമ്മയെ കൂടാതെ, ഇരവി വർമ്മൻ, രാമവർമ്മൻ, ആദിത്യ വർമ്മൻ, മാർത്താണ്ഡവർമ്മൻ, ചിറവായി രാമവർമ്മൻ എന്നിവരും പങ്കെടുത്തു.

പള്ളിവേട്ടയ്ക്കുള്ള നിശബ്ദ ഘോഷയാത്ര, വരിക്കപ്പള്ളി അരശിന് വടക്കേ പോകുന്ന പെരുവഴിയിലൂടെ, കരിപ്പുകോയിക്കലിൽ എത്തി. അവിടെ, നിറപറ, അഷ്ടമംഗല്യം, വിളക്ക്, നിറനാഴി എന്നിവ വച്ചൊരുക്കിയിരുന്നു. മഹാറാണിയും രാജകുമാരിമാരും ശ്രീപദ്മനാഭ പെരുമാളെ ദർശിക്കുന്നത് ഇവിടെ നിന്നാണ്. ശിബികയിലെത്തുന്ന ശ്രീപദ്മനാഭ പെരുമാൾക്ക് മഹാറാണി നക്ഷത്രമാല സമർപ്പിച്ചു. രാജവാഴ്ച അവസാനിക്കുന്നതുവരെ ഈ ആചാരം തുടർന്നിരുന്നു. പള്ളിവേട്ട ഘോഷയാത്ര ഉപ്പിട്ടക്കാവിലൂടെ കൈതമുക്കിൽ എത്തും. പള്ളിവേട്ട നടക്കുന്നത് അവിടെയാണ്. അതിനുശേഷം ശ്രീകണ്ഠേശ്വരം കുളം വഴി (പഴയ ശ്രീകണ്ഠേശ്വരം), അനന്തക്കുളക്കരയിലൂടെ (പത്മതീർത്ഥം), ഓണപ്പടനിലവും കടന്ന്, തിരുപുത്തരിക്കണ്ടം ചുറ്റി, താമരക്കുളത്തിനരികിലൂടെ കിഴക്കേനട വഴി ക്ഷേത്രത്തിനകം പ്രവേശിക്കും. ഇതിൽ ഓണപ്പടനിലവും താമരക്കുളവും എവിടെയായിരുന്നെന്നറിയില്ല. ഇപ്പോൾ പള്ളിവേട്ട നടക്കുന്നത് സുന്ദരവിലാസം കൊട്ടാരത്തിനു സമീപമാണ്. ഘോഷയാത്ര വടക്കേ നട വഴി ക്ഷേത്രത്തിനകം പ്രവേശിക്കും.

തിരുവാറാട്ട് : ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിലൂടെ, നേരെ നടന്ന് മിത്രാനന്ദപുരം കടന്ന് ചെൺപകച്ചേരി (ചെമ്പകച്ചേരി) ഇടതുവശം വഴിവെട്ടിയിരുന്നതിൽ കൂടി, പദ്മനാഭപുരത്ത് പുറപ്പെട്ട്, പെരുന്താന്നി നടക്കാവിൽ കൂടി രാമശരത്തിലൂടെ ആലുകാട്ടിൽ കടന്ന് ആറാട്ടുപുഴ ഭഗവതി (ശംഖുംമുഖം ദേവി) ക്ഷേത്രത്തിന്റെ പടിഞ്ഞാറെ വശത്തെത്തും. (ഇതിൽ പദ്മനാഭപുരവും രാമശരവും ഏതാണെന്നറിയില്ല) അവിടെ വിസ്തൃതമായ മണൽപരപ്പിൽ ശ്രീകോവിലും ചുറ്റുമണ്ഡപവും തിരുവറയും ഓലകൊണ്ട് കെട്ടിയുയർത്തിയിരിക്കും. തിരുവറയ്ക്കകത്താണ് ശ്രീപദ്മനാഭ പെരുമാളെ എഴുന്നള്ളിച്ചിരുത്തുക.

ഈ താത്കാലിക ക്ഷേത്രത്തിന് ചുറ്റും അഞ്ചു മാങ്ങളും പണിതിരിക്കും. മഹാരാജാവും മറ്റ് രാജകുടുംബാംഗങ്ങളും വിശ്രമിച്ചിരുന്നത് ഇവിടെയാണ്. ഭഗവാന് നിവേദ്യം തയ്യാറാക്കുന്നതിനു വേണ്ട സാമഗ്രികളും പൂജാപാത്രങ്ങളും ഈ മാങ്ങളിലൊന്നിൽ സൂക്ഷിച്ചിരിന്നു.

സമുദ്രക്കരയ്ക്ക് സമീപം മറ്റൊരു പന്തൽ പണിതിരിക്കും. ക്ഷേത്ര തന്ത്രി തരണനല്ലൂർ പദ്മനാഭൻ അവിടെ ആചാരക്രിയകൾ നിർവഹിച്ച്. ശ്രീപദ്മനാഭ പെരുമാളിനെ എഴുന്നള്ളിച്ച് സമുദ്രത്തിൽ ആറാടിച്ച് മഞ്ഞക്കാപ്പും തിരുച്ചൂർണ പൊടിയും ചാർത്തിയ ശേഷം മഹാരാജാവിനും രാജകുടുബാംഗങ്ങൾക്കും വട്ടക പ്രസാദവും നൽകി, ഓലമേഞ്ഞ താത്കാലിക ക്ഷേത്രത്തിലെ തിരുവറയിൽ എഴുന്നള്ളിക്കുന്നു. ഉടൻതന്നെ അടിയിൽ വലിയ വീട്ടരയനും ചെറിയ വീട്ടരയനും ശ്രീഭണ്ഡാരത്തിൽ നിന്ന് പടിത്തരവും നാലു പണവും ഇരുപതുമടച്ചോറും നൽകും. ഇവരുടെ സംഘമാണ്, ആറാട്ടുവേളയിൽ സമുദ്രത്തിൽ തോണിയിൽ കാവൽ നിൽക്കുന്നത്.

ഈ വിധ ചടങ്ങുകളെല്ലാം കഴിയുമ്പോൾ അർദ്ധരാത്രിയാകും. അതിനാൽ, മഹാരാജാവ് ഉൾപ്പെടെയുള്ളവർ ശംഖുംമുഖത്ത് തന്നെ രാപാർക്കും.

(പിൽക്കാലത്ത്, ഈ സന്ദർഭത്തിലാണ്, അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിനെ വധിക്കാൻ ശത്രുക്കൾ പദ്ധതി ആവിഷ്കരിച്ചത്)

അതിരാവിലെ സൂര്യനുദിക്കുമ്പോൾ മടക്കയാത്രയാരംഭിക്കും. ഘോഷയാത്ര പടിഞ്ഞാറെ നടയിലൂടെ ക്ഷേത്രത്തിനകത്ത് പ്രവേശിക്കും.

1729 –ൽ അനിഴം തിരുനാൾ അധികാരമേറ്റശേഷമാണ് ക്ഷേത്രത്തിന്റെ പുനരുദ്ധാരണവും നാം ഇന്ന് കാണുന്ന ഘടനയും ഉണ്ടാകുന്നത്. കാർത്തിക തിരുനാൾ ധർമ്മരാജാവിന്റെ കാലഘട്ടത്തിൽ ക്ഷേത്രപരിസരത്തിന് ചുറ്റും കോട്ടയും കൊത്തളങ്ങളും പണിയുന്നത്. കോട്ടയ്ക്കകം എന്ന പ്രദേശമുണ്ടായത് അപ്പോഴാണ്. അന്ന് പടിഞ്ഞാറേകോട്ട ഇന്ന് കാണുന്ന സ്ഥാനത്തായിരുന്നില്ല.

പടിഞ്ഞാറേനടയിൽ നിന്നും മിത്രാനന്ദപുരം വഴിയിലൂടെ നേരെ പോയാൽ പടിഞ്ഞാറേകോട്ടയാണ്. ഇന്നത് ഏതാനും മീറ്ററുകൾ വലത്തോട്ടാണ് സ്ഥിതി ചെയ്യുന്നത്.

മിത്രാനന്ദപുരം സങ്കേതത്തിലൂടെ ഘോഷയാത്ര കടന്നുപോകുന്നതിലുള്ള അസൗകര്യം പരിഗണിച്ചാണ് റാണിഗൗരി പാർവതിബായി കോട്ടയുടെ സ്ഥാനം വലത്തോട്ട് മാറ്റിയത്. കൊല്ലവർഷം 992ൽ (1817–ൽ) നിർമ്മിച്ച കോട്ടയ്ക്ക് 291 പണം ചെലവായതായി രേഖകൾ പറയുന്നു.

1002 ലാണ് (1827) ശംഖുംമുഖത്ത് 54 കോൽചുറ്റിൽ നാലുകെട്ടും മേപ്പടി മാളികയും (ബീച്ച് പാലസ്) തീർത്തത്. ഇതിന് 199243/4 രൂപ ചെലവായി.

വള്ളക്കടവിൽ (കൽപ്പാലക്കടവിൽ) പള്ളി ബോട്ടുപുര തീർപ്പിച്ചതും റാണി ഗൗരി പാർവതി ബായിയാണ്.

കൊല്ലവർഷം 991 ചിത്തിര 15–ലെ ഉത്തരവ് പ്രകാരം, ശംഖുംമുഖത്ത് ആറാട്ടിന് എഴുന്നള്ളിക്കാൻ പടിഞ്ഞാറോട്ടുള്ള വഴി വിസ്താരമായിട്ട് വെട്ടിക്കത്തക്കവണ്ണം എൻജിനിയർ കപ്പിത്താനോട് കേണൽ മൺറോ ആവശ്യപ്പെട്ടിരുന്നു.

ആറാട്ട് മുടങ്ങിയ വർഷങ്ങൾ

11 വർഷങ്ങൾ ഈ രീതിയിൽ തുടർന്നു. പിന്നെയുള്ള 130 വർഷങ്ങൾ ക്ഷേത്രത്തെ സംബന്ധിച്ച് ഇരുണ്ട അദ്ധ്യായമായിരുന്നു. എട്ടുവീട്ടിൽ പിള്ളമാരുടെ ഇടപെടലുകൾ അരക്ഷിതാവസ്ഥയുളവാക്കി.

അങ്ങനെ കൊല്ലവർഷം 774 മുതൽ (1599 എ.ഡി മുതൽ കൊ. വ. 807 വരെയും കൊ. വ. 808 മുതൽ 847 വരെയും ഉത്സവങ്ങൾ മുടങ്ങിയിരുന്നു. കൊ. വ. 806– 807–ൽ പൂജകൾ കൃത്യമായി നടന്നിരുന്നില്ല. കൊ. വ. 848 മുതൽ 852 വരെ ക്ഷേത്രം അടഞ്ഞുതന്നെ കിടന്നു. 853 ഉമയമ്മ റാണിയാണ് ക്ഷേത്രം തുറക്കാനും പതിവ് പൂജകൾ തുടരാനും തീരുമാനിച്ചത്. ശക്തമായ എതിർപ്പുകൾ അവർക്കു നേരിടേണ്ടി വന്നു. എട്ടുവർഷക്കാലം തടസ്സമൊന്നുമുണ്ടായിരുന്നില്ല.

861 ൽ ക്ഷേത്രം അഗ്നിക്കിരയായി. വീണ്ടും പൂജകൾ മുടങ്ങി. 1729–ൽ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ അധികാരമേറ്റതോടെ ക്ഷേത്രത്തിന് നല്ല കാലം പിറന്നു. എല്ലാ ചിട്ടകളും ആചാരാനുഷ്ഠാനങ്ങളും പുനരാരംഭിച്ചു. അവ ഇന്നുവരെ മുടക്കമില്ലാതെ തുടരുന്നു

1937 ൽ ചിത്തിരതിരുനാൾ ആറാട്ടിന് അകമ്പടി സേവിക്കുന്നു. ഉത്രാടം തിരുനാൾ മാർത്താണ്ഡവർമ്മ ഇളയരാജ മഹാരാജാവിനെ അനുഗമിക്കുന്നു

1906 ൽ ശ്രീമൂലം തിരുനാൾ ആറാട്ടിന് അകമ്പടി സേവിക്കുന്നു

സമര'യൂറിൻ'

സെക്രട്ടേറിയറ്റിന് പടിക്കൽ സമരക്കാർക്കും പ്രാഥമിക കാര്യങ്ങൾ ചെയ്യണം. എന്നാൽ ആ പരിസരത്ത് സൗകര്യമില്ല. ആരും കാണാതെ സാധിച്ചാലും നാറ്റം വരും. അതിന് അവർ ഒരു പുതിയ വഴി കണ്ടെത്തി. കാൻ വാങ്ങി അതിൽ മൂത്രം ശേഖരിച്ചു. കാൻ ആരും എടുത്തുകൊണ്ട് പോകാതിരിക്കാൻ കയറുകൊണ്ട് കെട്ടിയിരിക്കുന്നു. ഇത് അവസാനം ആര് എടുത്തുകൊണ്ടു പോകുമോ എന്തോ?

ഫോട്ടോ: ജിതേഷ് ദാമോദർ

നാല് കുടുംബിനികൾ സ്വപ്നം നെയ്യുന്നു

ഒരുവർഷം മുമ്പ് തലസ്ഥാനത്തെ നാലു കുടുംബിനികൾ ചേർന്ന് ഒരു തീരുമാനമെടുത്തു. വെറുതേ എന്തിന് വീട്ടിൽ ചടഞ്ഞിരിക്കണം. തങ്ങൾക്കും നാട്ടുകാർക്കും പ്രയോജനകരമായ എന്തെങ്കിലും ചെയ്യാം. അങ്ങനെയാണ് 'സ്പർശ് ഹോം' എന്ന ഒരു കുടുംബപ്രസ്ഥാനം തുടങ്ങുന്നത്. തുണികൾ വാങ്ങി വസ്ത്രങ്ങൾ തയ്ച് എംബ്രോയിഡറി ചെയ്ത് കരവിരുത് പ്രദർശിപ്പിക്കും. കൂടെ നല്ല വരുമാനവും കിട്ടും.

ഇരുപതുകൊല്ലം മുമ്പ് ഒരു ഹെൽത്ത് ക്ളബിൽ വച്ച് ചങ്ങാതിക്കൂട്ടമായി മാറിയ കേശവദാസപുരം പിള്ളവീട് ലെയിനിൽ ഷീബാ ജയൻ, കുറവൻകോണം സ്വദേശി സുനു മാത്യു, ജവഹർ നഗറിലെ ബീനാ ഫൈസൽ, പേരൂർക്കടക്കാരി ലതാകുര്യൻ എന്നിവർ ചേർന്ന് തുന്നിക്കൂട്ടിച്ചന്തം ചമച്ച ഉത്പന്നങ്ങളുടെ പ്രദർശനവും വില്പനയും നവംബർ 4, 5 തീയതികളിൽ കവടിയാർ വിമൻസ് ക്ളബിൽ നടക്കും.

ബഡ്ഷീറ്റുകൾ, കവറുകൾ, ടവൽ സെറ്റുകൾ, കിച്ചൻ ടവൽ, ടേബിൾമാറ്റ്, നൈറ്റികൾ തുടങ്ങിയവയിൽ ഇവരുടെ കരവിരുതും വർണചാതുരിയും ദർശിക്കാം.

തങ്ങളുടെ സംരംഭത്തിന് ഭർത്താക്കന്മാരുടെ അകമഴിഞ്ഞ പിന്തുണയുണ്ടെന്ന് ഷീബാ ജയൻ പറഞ്ഞു. ഷീബയുടെ ഫോൺ : 9447747697

ബീനാ ഫൈസൽ, സുനു മാത്യു, ഷീബാ ജയൻ, ലതാകുര്യൻ